ഭരണഭാഷ-മാതൃഭാഷ

നമ്പർ.401066/BADC01/GPO/2023/9332/(1)

കതിരൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

കതിരൂർ
കതിരൂർ.പി.ഓ
കണ്ണൂർ
Phone No:04902306564
E-mail:secretary.kadirur638@gmail.com

തീയതി : 10/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ
കണ്ണൂർ

സർ,

വിഷയം:- കതിരൂർ ഗ്രാമ പഞ്ചായത്ത്-സിറ്റിസൺ അസിസ്റ്റൻറ് പോർട്ടലിൽ ഉൾപ്പെട്ട അപേക്ഷ - മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ചത്

സൂചന:- താങ്കളുടെ 31/10/2023 ലെ ഐ വി ഒ 3/77/2023 നം കത്ത്.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ താഴെ പറയും പ്രകാരം തുടർനടപടിക്കായി സമർപ്പിക്കുന്നു.

തീരുമാനം- 90/2023

കതിരൂർ ഗ്രാമ പഞ്ചായത്തിൽ 21/10/2022 ന് ശ്രീ നിസാമുദ്ദീൻ ഇ ടി, കുമാരി ഷഹാന ഷെറിൻ എന്നീവരുടെ വിവാഹം റജിസ്റ്റർ ചെയ്യുന്നതിനായി ഓണ്ലൈനായി അപേക്ഷ ലഭിക്കുകയുണ്ടായി. ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയതിൽ പ്രസ്തുത വിവാഹം പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ വെച്ച് നടന്നതായി ബോധ്യപ്പെടുകയുണ്ടായി. ആയതു പ്രകാരം ടിയാളുകളോട് പ്രസ്തുത വിവാഹം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ഐ എൽ ജി എം എസിൽ പ്രസ്തുത ഫയൽ തുടർ നടപടി സ്വീകരിക്കാതെ ക്ലോസ്സ് ചെയ്യുന്നതിനായി സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് ഹെഡ് ക്ലാർക്ക് വെരിഫൈ ചെയ്ത് സെക്രട്ടറി ലോഗിനിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സെക്രട്ടറി ലോഗിനിൽ നിന്നും ആയത് തെറ്റായി ടംപ്ലേറ്റ് അപ്ഡേറ്റ് ചെയ്തു പോവുകയും 14/12/2022 തീയ്യതിയിലെ 226/22 നമ്പർ ആയി

തെറ്റായി വിവാഹം കതിരൂർ ഗ്രാമപഞ്ചായത്തിൽ റജിസ്റ്റർ ചെയ്തു പോവുകയും ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ കതിരൂർ ഗ്രാമപഞ്ചായത്തിൽ തെറ്റായി രജിസ്റ്റർ ചെയ്തു പോയ പ്രസ്തുത വിവാഹ റജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്ന വിവരം സമർപ്പിക്കുന്നു.

തീരുമാനം- 91/2023

ശ്രീ ശ്രീധരൻ എന്നവരുടെ 7062/2022 നമ്പർ അപേക്ഷയിന്മേൽ 14/204 നമ്പർ കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം രേഖകൾ പരിശോധിച്ചതിൻറേയും സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ ജമമാറ്റി നൽകുകയും ടി ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം തുടർ നടപടികൾക്കായി സമർപ്പിക്കുന്നു .

തീരുമാനം- 92/2023

ശ്രീ ഇസ്മയിൽ കാത്തകുന്നമ്മൽ എന്നവരുടെ 6600/2022 നമ്പർ അപേക്ഷയിന്മേൽ 17/182 നമ്പർ കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം രേഖകൾ പരിശോധിച്ചതിൻറേയും സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ ജമമാറ്റി നൽകുകയും ടി ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

തീരുമാനം- 93/2023

കതിരൂർ ഗ്രാമപഞ്ചായത്തിൽ വിവാഹം റജിസ്റ്റർ ചെയ്യാനായി 08/10/2022 തീയ്യതിയിൽ 4040/2022 നമ്പർ പ്രകാരം ശ്രീ നിഖിൽ സി കെ- കുമാരി ശ്വേത സതീശൻ എന്നവർ ഓണ്ലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ഇരുവരും വിവാഹ രജിസ്റ്ററിൽ ഒപ്പു രേഖപ്പെടുത്തുന്നതിനായി റജിസ്ട്രാറുടെ മുമ്പാകെ നേരിട്ട് ഹാജരായിട്ടില്ല. ആയതിനാൽ വിവാഹം റജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി ടിയാളുകൾക്ക് റജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരാകുന്നതിന് 26/11/2022 ന് കത്ത് നൽകിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

തീരുമാനം- 94/2023

ശ്രീമതി തമീസ എസ് എന്നവരുടെ 5502/2023 നമ്പർ ലൈസൻസ് അപേക്ഷയിൽ ഡിമാണ്ട് ചെയ്ത ലൈസൻസ് ഫീസും തൊഴിൽ നികുതിയും ടിയാരി അടവാക്കുകയും ടിയാരിക്ക് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സുനിത കെ വി
സെക്രട്ടറി

Signature Not Verified
Digitally signed by SUNITHA K V
Date: 2023.11.10 14:39:58 IST
Reason: ILGMS Govt. of kerala